**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3480** **05-08-2021 - ൽ മറുപടിയ്ക്ക്**

**നികുതി വരുമാനത്തിലെ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചുവർഷം കേരളത്തിന് നികുതിയിനത്തിൽ എത്ര കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് വ്യക്തമാക്കുമോ; നികുതിവരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിക്കാത്തത് നികുതി വകുപ്പിനെ വേണ്ട രീതിയിൽ പുന:ക്രമീകരിക്കുന്നതിൽ പരാജയപ്പെട്ടതിനാലാണോയെന്ന് വ്യക്തമാക്കുമോ? | (എ) | കഴിഞ്ഞ അഞ്ചു വർഷം കേരളത്തിന് നികുതിയിനത്തിൽ നഷ്ടമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തിന്റെ തനത് നികുതിയിനത്തിൽ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന തുക സംസ്ഥാനത്തിന്റെ തനത് നികുതിയിനത്തിൽ ലഭിച്ച തുക 2016 - 17 47613.61 42176.38 2017 – 18 53411.49 46459.61 2018 - 19 58588.44 50644.1 2019 - 20 65784.6 50323.14 2020 - 21 67420.01 47671.99 |

സെക്ഷൻ ഓഫീസർ